ശ്രീ. കെ. എം. കോര: അധികവും അങ്ങിനെതന്നെയാണ്.

ശ്രീ. പൊന്നറ ജി. ശ്രീധർ: സൊസൈറ്റികൾ എല്ലാം ഒരേ റേറ്റിൽ തന്നെയാണോ നൂൽ കൊടുക്കുന്നത്?

ശ്രീ. കെ. എം. കോര: ഒരേതരത്തിൽതന്നെയാണ് കൊടുക്കുന്നത്.

ശ്രീ. പൊന്നറ ജി. ശ്രീധർ: കൊച്ചിൻ മാർക്കറ്റിംഗ് കോവാപ്പറേറ്റീവ് സൊസൈറ്റിയിൽനിന്നു നൂൽ വാങ്ങുന്ന സൊസൈറ്റികൾക്ക് എക്സ് മില്ലിലും കുറഞ്ഞ റേറ്റിൽ കൊടുക്കുവാൻ ഗവൺമെൻറ് പ്രത്യേകം അനുവദിച്ചിട്ടുണ്ടോ?

ശ്രീ. കെ. എം. കോര: അങ്ങിനെ ഒരു പ്രത്യേകാനുവാദം കൊടുത്തിട്ടുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: മൊത്തവ്യാപാരിയെന്നനിലയിൽ വിജയമോഹിനി മില്ലിനു് എന്തു മാർജിനാണ് ഗവൺമെൻറ് അനുവദിച്ചിട്ടുള്ളത്?

ശ്രീ. കെ. എം. കോര: നോട്ടീസുകൂടാതെ പറയുവാൻ തരമില്ല.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: വിജയമോഹിനിമില്ലിനു് മഹാലക്ഷ്മി മില്ലിനു കൊടുത്തതുപോലെ കൊടുത്തിട്ടില്ല. അതെന്തുകൊണ്ടാണ്?

ശ്രീ. കെ. എം. കോര: അതു് അന്വേഷിച്ചു പറയുവാനേ നിവൃത്തിയുള്ളൂ.

നൂൽവിഭജനം

* ൧൦൩. (൨൭) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ബഹുമാനപ്പെട്ട ക്ഷീരവികസനമന്ത്രി അടിയിൽ കുറിക്കുന്ന ചോദ്യങ്ങൾക്കു് സദയം മറുപടി നൽകുമോ?

(എ) നൂൽവിഭജനം നെയ്ത്തുകാർക്കു് മാസംതോറും കൂട്ടിയും വലനിർമ്മാണത്തിനു കുറച്ചും ആണ് നടത്തിവരുന്നതെന്നു പറയുന്നതു വാസ്തവമാണോ;

(ബി) ൧൯൫൦ ഒക്ടോബർ മുതൽ ൧൯൫൧ ആഗസ്റ്റ് അവസാനംവരെ രണ്ടു കൂട്ടർക്കും വീതിച്ചിട്ടുള്ള നൂലിന്റെ കണക്കെന്താണ്?

ധനകാര്യവും ക്ഷീരവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. കോര):

(എ) അല്ല. വല നിർമ്മാണത്തിനും പഴയവല നന്നാക്കുന്നതിനും താരതമ്യേന കുറച്ചു നൂൽ മതിയാകും. എന്നാൽ നെയ്ത്തുകാർക്കു് വലനിർമ്മാണത്തെക്കാൾ വളരെ കൂടുതൽ നൂൽ ആവശ്യമാണ്.

(ബി) രണ്ടുകൂട്ടർക്കും അനുവദിച്ചിട്ടുള്ളതിന്റെ കണക്കു് താഴെ കൊടുത്തിരിക്കുന്നു.

ആ സ്റ്റേറ്റുമെൻറ് ഞാനിവിടെ വായിക്കാം

൧൯൫൦ ഒക്ടോബർ നെയ്ത്തു നൂൽ ബയിൽ വലക്കാർക്കു് വല ബയിൽ
,, നവംബർ ,, ൭൯൫ ,, ,, വല ,,
,, ഡിസംബർ ,, ൪൨൦ ,, ,, ൭൪ ,,
൧൯൫൧ ജനുവരി ,, ൭൦൫ ,, ,, ൭൪ ,,
,, ഫെബ്രുവരി ,, നൂൽവ ,, ,, ൭൪ ,,
,, മാർച്ച് ,, ൧൦൨൯ ,, ,, സ്റ്റേറ്റുമെൻറ് കൊടുത്തിട്ടില്ല
,, ഏപ്രിൽ ,, ൫൭൪ ,, ,, ൪൦ ബയിൽ
,, മേയ് ,, ൧൭൯൯ ,, ,, സ്റ്റേറ്റുമെൻറ് കൊടുത്തിട്ടില്ല
,, ജൂൺ ,, ൧൭൧൪ ,, ,, ൪൦ ബയിൽ
,, ജൂലായ് ,, ൧൭൭൭ ,, ,, നൂ ,,
,, ആഗസ്റ്റ് ,, ൧൭൨൯ ,, ,, ൪൧½ ,,

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ചില മാസങ്ങളിൽ വലക്കാക്ക് നൂൽ കുറവായി കൊടുക്കുവാൻ വല്ല പ്രത്യേക കാരണവുമുണ്ടോ?

ശ്രീ. കെ. എം. കോര: പ്രത്യേക കാരണമൊന്നുമില്ല.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: അവക്ക് നൂലിന്റെ ആവശ്യമില്ലെന്നാണോ ഗവണ്മെന്റ് ധരിച്ചതു?

ശ്രീ. കെ. എം. കോര. അവക്ക് നൂൽ കൂടുതൽ ആവശ്യമുണ്ടെന്നു ധരിച്ചതുകൊണ്ടാണ് കൊടുക്കുവാൻ വേണ്ട ഏർപ്പാട് ചെയ്തിരിക്കുന്നതു.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ചില മാസങ്ങളിൽ കൂടുതലും ചില മാസങ്ങളിൽ കുറവും നൂൽ കൊടുക്കുവാൻ കാരണമെന്താണു?

ശ്രീ. കെ. എം. കോര: നൂലിന്റെ ആവശ്യം ചില മാസങ്ങളിൽ കൂടിയും ചില മാസങ്ങളിൽ കുറഞ്ഞും ഇരുന്നിട്ടുള്ളതുകൊണ്ടാണു.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: നൂൽ കിട്ടാത്തതുകൊണ്ട് എത്ര കൈത്തറി മില്ലുകൾ മുടങ്ങിക്കിടക്കുന്നുണ്ടെന്നു അറിയാമോ?

ശ്രീ. കെ. എം. കോര: നോട്ടീസുവേണം.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: നൂൽ കിട്ടുവാൻ വിഷമമുണ്ടെന്നുള്ള കൈത്തറി നെയ്ത്തുകാരുടെ ആവശ്യവും പ്രയാസവും കാണിച്ചു വല്ല നിവേദനവും ഗവണ്മെന്റിനു കിട്ടിയിട്ടുണ്ടോ?

ശ്രീ. കെ. എം. കോര: ഉണ്ടു. കൈത്തറി നെയ്ത്തുകാരുടെ ആവശ്യം പരിഗണിച്ചു ഫ 0 0 ബയിൽ നൂലെങ്കിലും ഉടനെ ബാംബെ ടെക്സ്റ്റയൽസിൽനിന്നും അയച്ചുതരേണ്ടതാണെന്നുകാണിച്ചു ഒരു നിവേദനം കിട്ടിയിട്ടുണ്ടു.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: കൊല്ലത്തുനിന്നും നെയ്ത്തുകാരുടെ വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ?

ശ്രീ. കെ. എം. കോര: ഉണ്ടു.

ശ്രീ. പി കുഞ്ഞുകൃഷ്ണൻ: അതിനു എന്തു നടപടിയെടുത്തു?

ശ്രീ. കെ. എം. കോര: കൂടുതൽ നൂൽ കിട്ടുന്നതിനുവേണ്ടിയുള്ള നടപടികൾ എടുത്തുവരുന്നുണ്ടു.

Sri. R. K. Ram: Are the Government aware that it is because of the lock-out in the Vijayamohini Mills that the handloom weavers are not getting yarn?

Sri. K. M. Korah: The Government are not aware.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: നൂൽ ഉല്പാദിപ്പിക്കുന്ന പല മില്ലുകളും ഇപ്പോൾ ലാക്കൌട്ടിലാണെന്നു ഗവണ്മെന്റിനറിയാമോ?

ശ്രീ. കെ. എം. കോര: ചിലതു് അങ്ങിനെയാണെന്നു അറിയാം.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ലാക്കൌട്ടുചെയ്ത മില്ലുകളുടെ പേരിൽ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ?

ശ്രീ. കെ. എം. കോര: സ്ട്രൈക്കായിട്ടു തൊഴിലാളികളെല്ലാവരും ഇറങ്ങിപ്പോയതുകൊണ്ടു മുതലാളിമാർ മില്ലുകൾ ലാക്കൌട്ടുചെയ്തിരിക്കുകയാണു.

ശ്രീ. വി. ഗംഗാധരൻ നായർ: സ്ട്രൈക്കുകൂടാതെ ലാക്കൌട്ടുചെയ്ത മില്ലുകളും ഉണ്ടാകയില്ലേ?

ശ്രീ. കെ. എം. കോര: അങ്ങിനെയും ഉണ്ടാകാം.

LIBRARY ARCHIVES Kerala Legislative Assembly